

# ശിൽപ്പ ഭദ്രതയും ഭാഷാ സൗകുമാര്യവുമുള്ള രചനകൾ

**(ശ്രീ ജോൺ വേറ്റത്തിന്റെ രചനാ ലോകം, ഒരവലോകനം)**


**സുധീർ പണിക്കവീട്ടിൽ**




ഒരു എഴുത്തുകാരനായി അമേരിക്കൻ മലയാളികൾ അറിയുന്നതിനു മുമ്പ് തന്നെ ശ്രീ ജോൺ വേറ്റം കേരളത്തിലും അദ്ദേഹത്തിന്റെ ജോലി സ്ഥലമായ വടക്കെ ഇന്ത്യയിലും സാഹിത്യകാരൻ എന്ന നിലയിൽ സുപരിചിതനായിരുന്നു. ശ്രീ വേറ്റത്തിന്റെ രചനലോകം അഞ്ച് പതിറ്റാണ്ടുകളായി പരന്ന് കിടക്കുന്ന ഒരു ബ്രുഹത് മേഖലയാണ്. ചെറുപ്പം മുതൽ അദ്ദേഹത്തെ ആകർഷിച്ച സർഗ്ഗവ്യാപാരത്തിൽ അദ്ദേഹം ഇന്നും മുഴുകിയിരിക്കുന്നു. ജന്മസിദ്ധമായ കലാവാസന; വൈവിദ്ധ്യമാർന്ന രചനകളിലൂടെ അദ്ദേഹം പരിപോഷിപ്പിച്ചു. തന്മൂലം അദ്ദേഹം സാഹിത്യത്തിലെ ഒരു ശാഖയിൽ തന്നെ ഒതുങ്ങി നിന്നില്ല. കഥകളും, നാടകങ്ങളും, ഗാനങ്ങളും, കവിതകളും, നിരൂപണങ്ങളും, നോവലും അദ്ദേഹം എഴുതി.. ഇംഗ്ലീഷിൽ നിന്നും ധാരാളം രചനകൾ മലയാളത്തിലേക്ക് മൊഴിമാറ്റം ചെയ്തിട്ടുണ്ട്.





നാട്ടിലായിരുന്നപ്പോൾ പ്രസിദ്ധീകരിച്ച ശ്രീ വേറ്റത്തിന്റെ നാലു പുസ്തകങ്ങളിൽ ഒന്നിന്റേയും കോപ്പികൾ ഇപ്പോൾ ലഭ്യമല്ല. ഏകദേശം അമ്പത് വർഷങ്ങൾക്ക് മുമ്പ് എഴുതപ്പെട്ട ആ ക്രുതികൾക്ക് പുതിയ പതിപ്പുകൾ ഉണ്ടായില്ല. ആ ക്രുതികളെ കുറിച്ച് വായനകാരന് ത്രുപ്തിയാകുന്ന വിധത്തിൽ ഒരു ഏകദേശ രൂപം നൽകാൻ തന്മൂലം കഴിയുകയില്ല. പുസ്തകത്തിന്റെ കീറിപ്പോയ ചട്ടകൾ മാത്രമണ് ഈ രചനകൾ ഒരു കാലത്ത് പ്രചാരത്തിലിരുന്നിരുന്നു എന്നതിനു തെളിവായിട്ടുള്ളത്.. (അവയുടെ ഫോട്ടോസ്റ്റാറ്റ് കോപ്പികൾ ഈ പേജുകളിൽ വായനകാർക്കുവേണ്ടി ഒട്ടിച്ച് വച്ചിരിക്കുന്നു) കൂടാതെ ആ പുസ്തകങ്ങളെ കുറിച്ച




അന്നും ഇന്നും ഉന്നത നിലവാരം പുലർത്തുന്ന മാത്രുഭൂമിയിൽ വന്ന നിരൂപണങ്ങളും പുസ്തകങ്ങളെ കുറിച്ച് ഗവേഷണം നടത്താൻ ആഗ്രഹമുള്ളവർക്ക് സഹായകമാകും. അന്നു കാലത്ത് നിരൂപണങ്ങൾ മാദ്ധ്യമങ്ങളിൽ എങ്ങനെ പ്രത്യക്ഷപ്പെട്ടിരുന്നു എന്ന് ഇവിടെ വായനക്കാർക്ക് കാണാൻ വേണ്ടി അവശേഷിച്ച പുറങ്ങളുടെ കോപ്പി ഈ പേജിൽ കൊടുക്കുന്നു.




മാത്രുഭൂമിയുടെ വളരുന്ന സാഹിത്യം എന്ന പംക്തിയിൽ ഓളങ്ങൾ എന്ന നോവലിനെകുറിച്ചും; “മ്രുഗശാല” എന്ന കഥസമാഹാരത്തെപ്പറ്റി നിരൂപണം വന്നിരുന്നു. അനുനിമിഷം പരീക്ഷണങ്ങൾക്കും പരിണാമങ്ങൾക്കും വിധേയമായി കൊണ്ടിരിക്കയാണ് സാഹിത്യ പ്രസ്ഥാനം. അത്കൊണ്ട് ശ്രീ വേറ്റത്തിൻെറ അന്നു കാലത്ത് എഴുതിയ ക്രുതികളെ കുറിച്ച് ഒരു വിലയിരുത്തൽ നടത്തുമ്പോൾ സൂക്ഷിക്കേണ്ട ഒരു കാര്യമാണ് കാലാന്തരങ്ങളുടെ സ്വാധീനം. മലയാളത്തിലെ ആദ്യ ചെറുകഥ വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ എഴുതിയ “വാസനാവിക്രുതി”യായി കരുതി വരുന്നു. സ്വന്തം പേരു പോയിട്ട് ഒരു പേരും വക്കാതെയാണ് വിദ്യവിനോദിനി എന്ന മാസികയിൽ ഈ കഥ വന്നത്. അമേരിക്കൻ മലയാളി എഴുത്തുകാരിൽ പലർക്കും തൂലിക നാമത്തിലോ പേരില്ലാതെയോ ഒരു എഴുത്തുകാരനു എഴുതാമെന്ന് അറിയില്ലെന്നുള്ളത് സാഹിത്യലോകവുമായി അവർക്കുള്ള പാമരത്വം പ്രകടിപ്പിക്കുന്നു. മലയാളത്തിലെ ആദ്യ കഥ ”വാസനാവിക്രുതി“ 1891 ൽ വന്നതിനുശേഷം 1930 വരെ അനവധി കഥകൾ പ്രത്യക്ഷട്ടെങ്കിലും 1930 കൾക്ക് ശേഷം കഥകൾക്ക് പുതിയ ഒരു രൂപവും ഭാവവും കാണപ്പെട്ടു. ഇക്കാലത്താണ് തകഴി, ദേവ്, പൊറ്റേക്കാട്, അന്തർജ്ജനം, വർക്കി മുതലായ പ്രഗത്ഭ എഴുത്തുകാർ മലയാള ഭാഷയിൽ സർഗ്ഗാത്മക വികാസത്തിനു വഴിയൊരുക്കി.യത്. മലയാള ചെറുകഥകളുടെ ആരംഭകാലത്ത് അന്നത്തെ എഴുത്തുകാർ എഡ്ഗർ അല്ലൻപോ, രുഡിയാർഡ് കപ്ലിങ്ങ്, ആർതർ കോനൻ ഡോയൽ തുടങ്ങിയ പാശ്ചാത്യ എഴുത്തുകാരുടെ രചനകളെ അവലംബിച്ചിരുന്നു. പലരും ജീവിതത്തിലെ സംഭവങ്ങളെ നാടകീയമായും, അവിശ്വനീയമായും അവതരിപ്പിക്കുന്ന പ്രവണത കാണിച്ചു. എന്നാൽ എഴുതി തുടങ്ങിയ കാലം മുതൽ മൗലികമായ ഒരു ശൈലിയും, ആഖ്യാന ചാതുര്യവും ശ്രീ വേറ്റം വികസിപ്പിച്ചെടുത്തതായി കാണാവുന്നതാണു.



വളരുന്ന സാഹിത്യം

**പ്രേമം നോവലിൽ**

അഹല്യ—ബാലകൃഷ്ണൻ. 2.50. ആർദ്ര—തുളസി. 5.00. ലാടം—പി. ടി. വേലായുധൻ. 3.00. ഓളങ്ങൾ—ജെ. വേററം. 8.00. മംഗളോദയം, തൃശ്ശൂർ.
കരിനിഴൽ—മാധവ്. 3.75. എൻ. ബി. എസ്സ്. കോട്ടയം.

കെ. കുഞ്ഞികൃഷ്ണൻ

1970 നവംബർ 1




1960 കളുടെ മദ്ധ്യകാലങ്ങളിൽ കുരുന്നു യൗവ്വനത്തിൻെറ തള്ളിച്ചയിൽ ശ്രീ വേറ്റം മലയാള സാഹിത്യത്തിൽ തൻേറതായ ഇരിപ്പിടം ഉറപ്പിക്കാൻ ശ്രമിച്ചു. എന്നാൽ അമേരിക്കയിലേക്കുള്ള കുടിയേറ്റവും ഇവിടെ ജീവിതം കെട്ടിപടുക്കുന്നതിനുള്ള ശ്രമവും മൂലം അദ്ദേഹത്തിൻെറ സർഗ്ഗ തളിരുകൾ വാടി നിന്നു.


ഇത്രയും വർഷങ്ങൾക്ക് മുമ്പെഴുതിയ ക്രുതികളെ കുറിച്ച് ഓർക്കാൻ ഒരു എഴുത്തുകാരനും കഴിയുകയില്ല. എങ്കിലും അദ്ദേഹത്തിൻെറ അന്നത്തെ രചനകൾ ശ്രദ്ധ വച്ചിരുന്നതു സമൂഹ നന്മയും, ജീവിതത്തിൽ മാനുഷിക മൂല്യങ്ങളുടെ പ്രസക്തിയും, കുടുംബ ബന്ധങ്ങളും, ഒക്കെയായിരുന്നു. രചനകളിൽ അനീതികൾക്കെതിരെ തീവ്രമായി പ്രതികരിക്കാനുള്ള ഒരു പ്രവണത അദ്ദേഹത്തിൽ അന്നുണ്ടായിരുന്നതിൻെറ തെളിവാണു നാടക രചന. അദ്ദേഹത്തിൻെറ പ്രഥമ നാടകം ഃഞാനൽപ്പം താമസിച്ച്പോയി" എന്ന നാടകത്തിൻെറ പ്രസ്താവനയിൽ നമ്മൾ ഇങ്ങനെ വായിക്കുന്നു. "സത്യവും സാരനിർഭരവുമായ ചില നിത്യ സംഭവങ്ങൾക്ക് സാക്ഷിയാകുവാനിടവന്നപ്പോൾ നോവുകൾ നിർഗ്ഗളിക്കുന്ന ഒരു നൂതനപ്രപഞ്ചത്തിലേക്ക് ഞാൻ വഴുതി വീണു....ആ സന്ദർഭത്തിലായിരുന്നു ഈ നാടകത്തിൻെറ ഇതിവ്രുത്തം മനസ്സിൽ രൂപം കൊണ്ടത്.

സ്വന്തം അഭിപ്രായങ്ങൾ അല്ലെങ്കിൽ മനുഷ്യ സമൂഹത്തിനു അനുകൂലവും, പ്രയൊജനകരവുമായ സംഗതികൾ ജനങ്ങളിലെത്തിക്കാൻ പറ്റിയ ഏറ്റവും നല്ല മാദ്ധ്യമമാണു നാടകം. നാടകാന്ത്യം കവിത്വം എന്നാണു ചൊല്ല്. ശ്രീ വേറ്റം ഇതര രചനകൾക്കൊപ്പം നാടകവും എഴുതി എന്നത് അദ്ദേഹത്തിൻെറ പദ സ്വാധീനവും, രചനസങ്കേതങ്ങളിലെ കയ്യൊതുക്കവും വെളിപ്പെടുത്തുന്നു. ആദ്യകാല കഥകളുടെ ഒരു ഏകദേശരൂപം മനസ്സിലാക്കാൻ ഇതോടൊന്നിച്ച് ശ്രീ വേറ്റത്തിൻെറ ഃ ജലപ്പരപ്പിലെ കാൽപ്പാടുകൾ എന്ന കഥ ഉള്ളടക്കം ചെയ്യുന്നു. അതുപോലെ അദ്ദേഹം ആദ്യകാലത്ത് എഴുതിയ ഗാനങ്ങൽ, അദ്ദേഹത്തിൻെറ രചനകളെകുറിച്ച് പത്രങ്ങളിൽ വന്ന (അക്കാലത്ത്) കുറിപ്പുകൾ എന്നിവയും ഈ ലേഖനത്തോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്നു.

വിശുദ്ധ വേദ പുസ്തക പാരായണം ഭക്തിപൂർവ്വം നിർവ്വഹിക്കുക മാത്രമല്ല അതിൽ അടങ്ങിയിരിക്കുന്ന വചനങ്ങളെ കൂടുതൽ മനസ്സിലാക്കുവാനും ആ കണ്ടെത്തുലുകൾ തൻെറ രചനകളിലൂടെ വ്യക്തമാക്കാനും ജീവിതത്തിൽ പ്രായോഗികമാക്കാനും അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്. ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്ന മുന്നറിയിപ്പ് എന്ന ലേഖനം അതിനു ദ്രുഷ്ടാന്ത്മാണു.


എന്നാൽ അദ്ദേഹം മതത്തെ അന്ധമായി ആരാധിക്കുന്ന വ്യക്തിയുമല്ലെന്ന് അദ്ദേഹത്തിൻെറ രചനകൾ സാക്ഷ്യം വഹിക്കുന്നു. കൂടാതെ "ഡാർജിലിങ്ങും ക്രൈസ്തവ സഭകളും" എന്ന പുസ്തക്ത്തിൻെറ പിറവി വചനങ്ങളിലൂടെ വചനശുശ്രൂഷയിലൂടെ എങ്ങനെ മനുഷ്യ ജീവിതത്തിലെ അജ്ഞതയുടെ അന്ധകാരം നീക്കാമെന്നു കാണിക്കുന്നതാണു. എന്നാൽ കേരളത്തിലെ ഒരു ഉന്നത പ്രസിദ്ധീകരണ സമിതി "മത പ്രചരണത്തിനു വേണ്ടി മനഃപൂർവ്വം എഴുതിയതെന്നു തോന്നുന്നതിനാൽ" എന്ന കാരണം പറഞ്ഞ് അതിൻെറ പ്രസിദ്ധീകരണം സാദ്ധ്യമല്ലെന്നു അദ്ദേഹത്തെ അറിയിച്ചു. ശ്രീ വേറ്റം പിന്നീട് ആ പുസ്തകം പ്രസിദ്ധീകരിച്ചു. അതിൻെറ പ്രസ്താവനയിൽ അദ്ദേഹം എഴുതി ഃ സത്യവും, സനാതനുവ്മായ ഒരു വിശുദ്ധ മതത്തിൻെറ, സ്നേഹവും, സഹാനുഭൂതിയും വഴിഞ്ഞൊഴുകുന്ന സേവനങ്ങളെ നിഷ്പക്ഷമായി പ്ര തിപാദിക്കുന്നത് ഒരു പ്രബോധന സമ്പ്രദായമായിട്ടോ അരുതാത്തൊരു പ്രവർത്തന്മായിട്ടൊ ഞാൻ കരുതുന്നില്ല. ശ്രീ വേറ്റത്തിൻെറ ഫോട്ടോ ശേഖരങ്ങളിൽ നിന്നും ഈ സ്മരണികയിൽ കൊടുത്തിരിക്കുന്ന പടങ്ങൾ പലതും വിശുദ്ധ വേദ പുസ്തകവുമായി ബന്ധപ്പെട്ടതാണ് എന്നു തോന്നുമെങ്കിലും അവ ചേർത്തിരിക്കുന്നതിൻെറ ഔചിത്യം "ചാവുകടലിലെ ഗ്രന്ഥചുരുളുകളുടെ" വിവർത്തന സമയത്ത് അദ്ദേഹം അവിടെ സന്ദർശിച്ചിരുന്നത് കൊണ്ട് കൂടിയാണ്.

അമേരിക്കൻ മലയാള പ്രസിദ്ധീകരണങ്ങളിൽ വന്നിട്ടുള്ള അദ്ദേഹത്തിൻെറ രചനകളിൽ നമ്മൾ കാണുന്നത് ഭാഷയുടെ ഒഴുക്കും സൗന്ദര്യവുമാണ്. ശ്രീ വേറ്റത്തിൻെറ രചനകളിൽ ഒരു മനുഷ്യ സ്നേഹിയുടെ സ്വരം നമുക്ക് കേൾക്കാം.എഴുത്തുകാരൻ നന്മയുടെ പക്ഷത്തായിരിക്കണമെന്ന സാമാന്യ തത്വം അദ്ദേഹം രചനകളിൽ പ്രകടമാക്കുന്നു. ഈ പ്രപഞ്ച്ത്തിൻെറ നിൽനിൽപ്പ് അദ്രുശ്യനായ ദൈവത്തിൻെറ കൈകളിൽ ആണെന്നു അദ്ദേഹം വിശ്വസിക്കുന്നു. സ്രുഷ്ടിയുടെ നിഗൂഢ രഹസ്യങ്ങളിൽക്ക് നോക്കികൊണ്ട് ആശ്ചര്യഭരിതനായി അദ്ദേഹം ചോദിക്കുന്നു. *എവിടെയാണാദിയുടെ ആരംഭം? എവിടെയാണൂർജ്ജത്തിനുറവ?*




ഒരു എഴുത്തുകാരൻെറ ധാർമ്മിക ഉത്തരവാദിത്വം പരിപൂർണ്ണമായി മനസ്സിലാക്കുന്ന ഒരു എഴുത്തുകാരനാണ് ശ്രീ വേറ്റം. അറിവിൻെറ ശക്തിയെപ്പറ്റി അദ്ദേഹം തൻെറ രചനകളിലൂടെ വായനക്കാർക്ക് പ്രബോധനം നൽകുന്നു. ചാവുകടലിലെ ഗ്രന്ഥചുരുളുകൾ എന്ന വിവർത്തന പുസ്തകം അദ്ദേഹത്തിൻെറ രചനകളിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ഇന്ന് വിശ്വപ്രസിദ്ധിയാർജിച്ച കഴിഞ്ഞ ഈ ദിവ്യ ലിഖിതങ്ങളെപ്പറ്റി നേരായ വിവരങ്ങൽ അറിയാൻ ആഗ്രഹിക്കുന്നവർക്കുള്ള ഉത്തരമാണീ പുസ്തകം. പുസ്തക്ത്തെ കുറിച്ചുള്ള നിരൂപണം ഈ സ്മരണികയിൽ ഉൾപ്പെടുത്തിയ്രിക്കുന്നതിനാൽ അതേപറ്റി

കൂടുതൽ എഴുതുന്നില്ല. പഴയ കാല രചനകളിൽ നിന്ന് വ്യത്യസ്ഥ്മാണ് ശ്രീ വേറ്റത്തിൻെറ രചനകൾ. ആ വ്യത്യാസം കാലത്തിൻെറ സ്വാധീനതയിൽ വന്നെ ചേർന്നതല്ല. കാലിക പ്രസ്ഥാനങ്ങളെ അനുകരിച്ചതുമല്ല. എഴുത്തുകാരൻ എപ്പോഴും പരീക്ഷണങ്ങൽ ചെയ്ത്കൊണ്ടിരിക്കുന്നവനാണ്. വായനക്കാരുടെ അഭിരുചി മാറുന്നതനുസരിച്ച് എന്നാൽ തൻേറതായ ആശയങ്ങളിൽ നിന്നും വ്യതിചലിക്കാതെ നൂതനമായ ഒരു ആവിഷ്ക്കാര ശൈലി അദ്ദേഹം സ്വീകരിച്ചിരിക്കുന്നു.





ഈ അടുത്തകാലത്ത് അദ്ദേഹം "അനുഭവ തീരങ്ങളിൽ" എന്ന ഒരു പുസ്തകം പ്രസിധീകരിച്ചിരുന്നു. പുസ്തകത്തെ അദ്ദേഹം വിശേഷിപ്പിച്ചിരിക്കുന്നത് പെർസെപ്ഷൻ (Perception) എന്നാണു. ഇത് സാഹിത്യത്തിലെ ഒരു ആവിഷ്ക്കരണ രീതിയാണു. ഈ രീതിയിലൂടെ ഗ്രന്ഥകാരൻ നടത്തുന്നത് സ്വയമറിവിലൂടെ ഉണ്ടാകുന്ന ഒരു അന്തർദർശനത്തെ അനുഭവങ്ങളുടെ വെളിച്ചത്തിൽ കാണുകയാണു. ഇതിലെ വ്യക്തികളും,സംഭവങ്ങളും ജീവിച്ചിരിക്കുന്നവരാണെങ്കിലും ഇതിനെ ചരിത്രം എന്നു പറയാൻ ഗ്രന്ഥകർത്താവ് ഇഷ്ടപ്പെടുന്നില്ല.. ചരിത്രം മിക്കപ്പോഴും പറഞ്ഞ് കേട്ടതും വസ്ത്തുതകൾ പരിശോധിച്ച് തയ്യാറാക്കുന്നതുമാണ്.. അതിൽ ഊഹാപോഹങ്ങളും, കൂട്ടിച്ചേർക്കലുകളും, ചരിത്രകാരൻെറ മുൻ വിധികളുമൊക്കെയുണ്ടാകും ചരിത്രപരമായ ഒരു വിവരണമാണെങ്കിലും ഇത് ചരിത്രത്തിൻെറ ചരിത്രമാണു. ഏതുകാലത്തും ആർക്കും സംശയദൂരീകരണത്തിനുപയോഗപ്രദമായ ഒരു ഗ്രന്ഥമാണു. ഇതിലെ സംഭവവികാസങ്ങളിൽ ഗ്രന്ഥകാരൻ ഒരു പങ്കാളിയാണു. അപ്പോൾ ഇത് ഒരു ദ്രുക്സാക്ഷി വിവരണം കൂടിയാണു.

ശ്രീ വേറ്റത്തിനോട് സാഹിത്യപരമായ അദ്ദേഹത്തിൻെറ കാഴ്ച്ച്പ്പാടുകളെകുറിച്ചും രചനകളെകുറിച്ചും അറിയാൻ വേണ്ടി പത്ത് ചോദ്യങ്ങൾ ചോദിച്ചിരുന്നു. ചോദ്യങ്ങളും അദ്ദേഹത്തിൻെറ മറുപടിയും ഇതിൽ ചേർക്കുന്നു. ശ്രീ വേറ്റം എന്ന എഴുത്തുകാരനെ, സാഹിത്യത്തിലെ ഇതര ശാഖകൾ വിവിധ കാലഘട്ടങ്ങളിലായി കൈകാര്യം ചെയ്ത ഗ്രുന്ഥകാരനെകുറിച്ച് കൂതലറിയാൻ അദ്ദേഹവുമായി ചിലവഴിക്കുന്ന, അപൂർവ്വ നിമിഷങ്ങൾ സഹ്രുദയരായ എല്ലാവർക്കും പ്രയോജനപ്പെടുമെന്നു വിശ്വസിക്കുന്നു.

ശ്രീ ജോൺ വേറ്റത്തിനു സകല നന്മകളും നേരുന്നു.

# പ്രശസ്ത അമേരിക്കൻ മലയാളി എഴുത്തുകാരൻ ശ്രീ ജോൺ വേറ്റത്തിനോട് പത്ത് ചോദ്യങ്ങൾ



1. ആദ്യം എഴുതിയ ക്രുതി, അതിനെകുറിച്ച് ഒരു ചെറിയ വിവരണം.



ഒരേ കാലഘട്ടത്തിൽ ചെറുകഥകളും, ഏകാങ്കനാടകങ്ങളും, ലളിത ഗാനങ്ങളും എഴുതി.. ആദ്യം പുസ്തകമാക്കി പ്രസിദ്ധീകരിച്ചത് ”ഞാനൽപ്പം താമസിച്ചുപോയി“ എന്ന നാടകം. 1964 ൽ പ്രസിദ്ധീകരിച്ച ഇതിന്റെ വിതരണം B.K.M. ബുക്കുഡെപ്പോ, ചമ്പക്കുളം നിർവ്വഹിച്ചു. എയർഫോഴ്സ് ക്യാമ്പുകളിലും, ബോംബെ, സിലിഗുരി (ഡാർജിലിങ്ങ്) എന്നിവിടങ്ങളിലും സ്വന്തമായി അവതരിപ്പിച്ചു. മറ്റ് പല സ്ഥലങ്ങളിലും അവതരിപ്പിച്ചിട്ടുണ്ട്.

2. ഏതാണ് സാഹിത്യത്തിൽ താങ്കൾക്ക് ഇഷ്ട്ടപെട്ട മേഖല. താങ്കൾ കഥ, കവിത, നോവൽ, ലേഖനം തുടങ്ങിയവ എഴുതുന്നുണ്ടല്ലോ?



സാഹിത്യത്തിലെ എല്ലാ മേഖലകളും ഇഷ്ടപ്പെട്ടതാണു. സാഹചര്യമനുസരിച്ച് കഥകളും, നാടകവും, ഗാനങ്ങളും, ചരിത്രവും, നോവലും എഴുതി പ്രസിദ്ധീകരിച്ചു. എങ്കിലും, ഒരിടത്ത് സ്ഥിരവാസം അസാദ്ധ്യമായിരുന്നതിനാലും, എയർ ഫോഴ്സ് നിയമം പ്രതിക്കൂലമായിരുന്നത്കൊണ്ടും ഒന്നിലും ഉറച്ച് നിന്ന് എഴുതുവാൻ കഴിഞ്ഞില്ല. എഴുതിയതെല്ലാം പ്രസിദ്ധീകരിക്കുവാനും സാധിച്ചില്ല. ഇപ്പോൾ കഥകളും, ഗദ്യകവിതകളും, ലേഖനങ്ങളുമായി മുന്നോട്ട് പോകുന്നു.

3. സമൂഹത്തിലെ അനീതികളും, മനുഷ്യരുടെ ദുഃഖങ്ങളും എഴുത്തുകാരൻ തന്റെ ക്രുതികളിൽ പ്രതിഫലിപ്പിച്ചാൽ എന്തു ഗുണമാണ് താങ്കൾ പ്രതീക്ഷിക്കുന്നത്.

സാമൂഹ്യ തിന്മകളും മത രാഷ്ട്രീയ മണ്ഡലങ്ങളിലെ ശത്രുതയും ദുഷ്ടതയും ദുഷിപ്പുകളും സ്വേച്ഛാധിപത്യപ്രവണതകളും സംഘടിതചൂഷണങ്ങളും ധനികതയുടെ സ്വജനപക്ഷപാതവും, ദുഃഖത്തിന്റെ ദുർഘട മാർഗ്ഗങ്ങളും ക്രുതികളിൽ പ്രതിഫലിപ്പിക്കുമ്പോൾ, വിവാദപരാമാർശങ്ങളും, വിപ്ലവബോധവും, സമസ്രുഷ്ടിസ്നേഹവും, വായനക്കാരിൽ ഉണരും. കുറ്റങ്ങൾ ആവർത്തിക്കയും, അനീതിയെ നീതിയായി കാണുകയും ചെയ്യുന്ന ആധിപത്യശക്തികളെ

ഛേദിക്കുന്നതിനും, ജനസമൂഹത്തിലെ ദരിദ്രരേഖകളെ തുടച്ച് മാറ്റുന്നതിനു ധാർമ്മികമാനദണ്ഡങ്ങളെ കാണിച്ച്കൊടുക്കുന്നതിനും സാഹിത്യകാരന് സാധിക്കും.

4. നിങ്ങൾക്കിഷ്ട്ടപെട്ട മലയാളി എഴുത്തുകാരൻ ആരാണ്. ആ വ്യക്തിയുടെ ഏതൊക്കെ ക്രുതികൾ ഇഷ്ട്ടപെടുന്നു. എന്തുകൊണ്ട്?

ഒന്നിലധികം മലയാളി എഴുത്തുകാരെ ഇഷ്ടപ്പെടുന്നുണ്ട്. അവരുടെ മഹത്തായ സാഹിത്യസ്രുഷ്ടികളാണ് കാരണം. ആകർഷകമായ ആവിഷ്ക്കരണവും അതിൽ തിളങ്ങുന്ന വർണ്ണസത്യങ്ങളും, രേഖീക്രുതസന്ദേശങ്ങളും, കാന്തഗുണമുള്ള ശൈലിയും അവരെ ഇഷ്ടപ്പെടുവാൻ സഹായിച്ചു. പൊൻകുന്നം വർക്കിയുടെ അൾത്താരയും (നാടകം) തകഴിയുടെ രണ്ടിടങ്ങഴിയും, (നോവൽ) മുട്ടത്ത് വർക്കിയുടെ ഇണപ്രാവുകളും ( നോവൽ) പാറപ്പുറത്തിൻെറ നിണമണിഞ്ഞ കാൽപ്പാടുകളും (നോവൽ) കുമാരാനാശാൻെറ കവിതകളും, തോപ്പിൽ ഭാസിയുടെ നാടകങ്ങളും വയലാറിൻേറയും, ഒ.ൻ.വിയുടേയും വിപ്ലവ ഗാനങ്ങളും ഇപ്പോഴും ഓർക്കുന്നു.

5. അമേരിക്കൻ മലയാളി എഴുത്തുകാരുടെ രചനകൾ വായിക്കാറുണ്ടൊ? ആരുടെയൊക്കെ രചനകൾ ശ്രദ്ധിച്ചിട്ടുണ്ട്. അതിനു കാരണം.

അമേരിക്കയിലെ മലയാളി എഴുത്തുകാരുടെ ക്രുതികൾ വായിക്കാറുണ്ട്. ദേശാഭിമാനവും, ഭാഷാസ്നേഹവും, സാഹിത്യവാസനയും, ഉൾക്കൊണ്ട്, നവം നവങ്ങളായ പ്രവണതകളോടുകൂടി എഴുതി പുരോഗതിയിലേക്ക് പാഞ്ഞ് പോകുവാൻ നിരന്തരം പരിശ്രമിക്കുന്ന പ്രവാസി എഴുത്തുകാർക്ക് അഭിനന്ദനങ്ങൾ.

6. നിങ്ങൾ എഴുതിയതിൽ നിങ്ങൾക്ക് ഇഷ്ട്ടപെട്ട ക്രുതി.

1973ൽ അമേരിക്കയിൽ എത്തുന്നതിനുമുമ്പ് നാലു് പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. അതിനുശേഷം, കാൽ നൂറ്റാണ്ട് കാലത്തോളം സാങ്കേതികതടസ്സങ്ങളാൽ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചില്ല. ഈ ഘട്ടത്തിൽ അമേരിക്കയിൽ പ്രസിദ്ധീകരണ സൗകര്യം ഇല്ലായിരുന്നു. അപൂർവ്വമായി മലയാളമാദ്ധ്യമങ്ങൾ പൊട്ടിമുളച്ചെങ്കിലും വളർന്നില്ല. എഴുതിയ ക്രുതികളിൽ ഇഷ്ടപ്പെട്ടതിനെ വേർതിരിക്കാൻ കഴിയുന്നില്ല. എങ്കിലും 47 വർഷം മുമ്പ് ജയകേരളം വാരികയിൽ പ്രസിദ്ധീകരിച്ച ചെറുകഥ – പിഞ്ചിപ്പോയ പട്ടുസാരി – ഇപ്പോഴും ഓർമ്മയിൽ ഓടിവരാറുണ്ട്.

7. നിങ്ങളുടെ അഭിപ്രായത്തിൽ അമേരിക്കൻ മലയാളി എഴുത്തുകാർ നാട്ടിൽ എഴുതി പ്രസിദ്ധി നേടണോ. അതോ ഇവിടത്തെ പത്രങ്ങളിൽ എഴുതി പ്രസിദ്ധി നേടണോ. ഇവിടെ മാത്രം ശ്രദ്ധപതിപ്പിക്കുന്ന എഴുത്തുകാർക്ക് നാട്ടിലെ സാഹിത്യ അക്കാദമി പോലുള്ള അവാർഡുകൾ നഷ്ടമാകുമല്ലൊ? എന്താണു താങ്കൾക്ക് ഈ വിഷയത്തെകുറിച്ച് പറയാനുള്ളത്.

വികസിതരാഷ്ട്രമായ അമേരിക്കയിലെ ഒരു പരിഷ്ക്രുത സമൂഹമാണ് കേരളീയർ. പരിജ്ഞാനവും, സാമ്പത്തികശേഷിയും പ്രവർത്തനസന്നദ്ധതയുമുള്ള ജനത. എങ്കിലും മലയാളിഎഴുത്തുകാരുടെ വികസനപുരോഗതിക്ക് ആവശ്യമായ അടിസ്ഥാനസൗകര്യം ഇപ്പോൾ പരിമിതമാണ്. പുസ്തകപ്രകാശകരും വിതരണ കർത്താക്കളും ഇല്ലാത്തതാണ്ു് മുഖ്യകാരണം. അവഗണനയും, അമിതവിമർശനവും നേരിടുമ്പോഴും അഭിമാനത്തോടും അത്മധൈര്യത്തോടും സാഹിത്യപ്രവർത്തനം തുടരുന്ന അമേരിക്കൻ മലയാളി എഴുത്തുകാർക്ക് അഭിവ്രുദ്ധി വരുത്തുന്ന സഹായ സൗകര്യം ഉണ്ടാവണം. അറിയപ്പെടുന്നതിനും, അംഗീകരിക്കപ്പെടുന്നതിനും കേരളീയ സാഹിത്യകാരന്മാരുടെ ക്രുതികളോടൊപ്പം പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും വേണ്ടി പ്രവാസിസാഹിത്യകാരന്മാർ കേരളത്തിലെ സാഹിത്യമണ്ഡലവുമായി ബന്ധപ്പെടണം. അങ്ങനെ സ്വദേശികളും, പ്രവാസികളുമായ സകല സാഹിത്യകാരന്മാരുമായും സഹകരിച്ച് പ്രവർത്തിക്കുന്നതിനും സാധിക്കണം. പ്രവാസി എഴുത്തുകാരെ തിരിച്ചറിയുന്നതിനും അവരുടെ സാഹിത്യ സ്രുഷ്ടികളുടെ നിർണ്ണായകഗുണം ബോദ്ധ്യപ്പെടുത്തുന്നതിനും അത് സഹായിക്കും.

8. ഇവിടത്തെ സാഹിത്യ സംഘടനകൾ എഴുത്തുകാർക്ക് വേണ്ടി എന്തൊക്കെ ചെയ്യണം?

അമേരിക്കയിലെ സാഹിത്യ സംഘടനകൾക്ക് മലയാളി എഴുത്തുകാരെ സഹായിക്കാൻ സാധിക്കും. അതാതിടങ്ങളിലെ എല്ലാ എഴുത്തുകാരേയും സംഘടനയിൽ കൊണ്ടുവരണം. എല്ലാ മലയാളി എഴുത്തുകാർക്കും, പരസ്പരം പരിചയപ്പെടുന്നതിനും സമ്പർക്കം പുലർത്തുന്നതിനും സംഘടിച്ച് പ്രവർത്തിക്കുന്നതിനും മാർഗദർശിയായിട്ടോ, മധ്യസ്ഥനായിട്ടോ, സംഘടനകൾ സഹായിക്കണം. സാഹിത്യപ്രവർത്തനം വികസ്വരമാക്കുന്നതിനു ആവശ്യമായ പദ്ധതികൾ പൊതുമേഖലയിൽ സംഘടിച്ച് സ്ഥാപിക്കണം. വാർത്താവിനിമയ രംഗം അത്ഭുതകരമായ രീതിയിൽ മെച്ചപ്പെടുത്തി, അച്ചടിമേഖലയെ ഉപേക്ഷിച്ച്, പുസ്തകനിർമ്മാണം കമ്പ്യൂട്ടർ സഹായത്തോടെ പ്രായോഗികമാക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ പുരോഗതി ഉണ്ടാക്കുകയും ചെയ്യുന്നതിനാൽ സാഹിത്യ സംഘടനകൾ പ്രവാസിഎഴുത്തുകാരുടെ പ്രധാന പിന്തുണയായി എപ്പോഴും പ്രവർത്തിക്കണം.

9. പ്രവാസ മലയാളികൾ അവരുടെ ഭാഷയും സംസ്കാരവും അന്യനാട്ടിൽ സംരക്ഷിക്കുന്നത് നല്ലത് തന്നെ. പക്ഷെ അമേരിക്കൻ മലയാളികൾ ഇവിടത്തെ പൗരന്മാരായി, ഇവിടെ കുടി കിടപ്പ് ആരംഭിക്കുമ്പോൾ അതു കൊണ്ട് എന്തു ഗുണം. തന്നെയുമല്ല മലയാള ഭാഷകൊണ്ട് ഇവിടെ വലിയ പ്രയോജനമില്ലല്ലൊ? അപ്പോൾ പിന്നെ ഒരു തലമുറയോടൊപ്പം അവരുടെ ഭാഷയും സംസ്കാരവു ഇവിടെ നഷ്ടപെടുന്നതിൽ എന്തിനു നമ്മൾ വ്യാകുലപെടണം. താങ്കളുടെ അഭിപ്രായം.

ആസന്ന ഭാവിയിൽ മലയാള ഭാഷയും, കേരളീയ സംസ്കാരവും അമേരിക്കൻ മലയാളിക്ക് നഷ്ടമാകുമെന്ന വ്യാകുലചിന്ത  പടരാൻ തുടങ്ങിയിട്ട് ഏറെനേരം കഴിഞ്ഞു. യാഥാർത്ഥ്യങ്ങളുടെ അഭാവമാണു ഈ വിചാരവേദനയുടെ കാരണം. അമേരിക്കൻ ഐക്യനാടുകളിൽ അധിവസിക്കുന്ന കേരളീയരുടെ അംഗസംഖ്യ ഇപ്പോഴും, അംശമായിട്ടാണെങ്കിലും വർദ്ധിക്കുന്നു. ഈ ജനപ്രവാഹം നിർത്തലാക്കുമെന്ന മുന്നറിയിപ്പുകൾ ഉണ്ടായിട്ടില്ല. അമേരിക്ക കുടിയേറ്റകാരുടെ രാജ്യമാണു. വിദേശരാഷ്ട്രങ്ങളുമായി നയതന്ത്രബന്ധം പുലർത്തുന്ന ഇന്നത്തെ ശക്തികേന്ദ്രം. അതു മലയാളിയുടെ പ്രവേശനം മാത്രം തടയുമോ? മലയാള ഭാഷയും , കേരളീയ സംസ്കാരവും ഇവിടുത്തെ മലയാളിക്കാണാവശ്യം. ഈ വിദേശ ഭൂമിയിൽ മലയാളിജനത അറ്റുപോകുമെന്ന സങ്കൽപ്പം അസംഗതമാണു. ഇവിടെ പൗരത്വം സ്വീകരിച്ച് ജീവിക്കുമ്പോഴും മാദ്ധ്യമങ്ങളിലൂടെയാണെങ്കിലും മലയാളത്തിന്റെ മാധുര്യവും, സുഗന്ധവും ഇമ്പമേറിയ ഗാനധാരയിലൂടെ ആസ്വദിച്ച് സന്തോഷിക്കുന്ന അമേരിക്കൻ മലയാളിയുടെ ഭാഷാസ്നേഹവും സംസ്കാരമേന്മയും അവരോടൊപ്പം എപ്പോഴും ഉണ്ടായിരിക്കും. പ്രത്യേകിച്ച്  ധനനിക്ഷേപത്തിനും വ്യവസായത്തിനും അവകാശനിയമങ്ങളും വോട്ടവകാശവും പ്രവാസികൾക്ക് ലഭിച്ചതിനാൽ സ്വന്തനാടുമായ അവരുടെ ബന്ധം പൂർവ്വാധികം പുഷ്ടിപ്പെടും.

10. വരിസംഖ്യ കൊടുക്കാനും വായിക്കാനും വലിയ താൽപ്പര്യമില്ലാത്ത പ്രവാസികൾ അവരുടെ മാത്രുഭാഷ ആ ദേശത്ത് നഷ്ടപെട്ടു പോകുന്നതിൽ ഒരു പങ്ക് വഹിക്കുന്നില്ലേ? എഴുത്തുകാർ മാത്രം വിചാരിച്ചാൽ എന്ത് ചെയ്യാനൊക്കും.?



വരിസംഖ്യ കൊടുത്ത് വായനക്കാരാകുന്ന ഗുണശീലം വിദേശ മലയാളികളിൽ കുറയുന്നു എന്ന പരാതി അനിഷേദ്ധ്യമാണ്. മാത്രുഭാഷയോടുള്ള വെറുപ്പും വിരക്തിയുമല്ല ഇതിന്റെ ഹേതു. പിന്നയോ, സമയം തെറ്റി ഭവനങ്ങളിൽ എത്തുന്ന അച്ചടിമാദ്ധ്യമങ്ങളിൽ ആകർഷകവിഷയങ്ങൾ വിരളവും, വിരസപരസ്യങ്ങൾ ബഹുലവുമാകുന്നു എന്ന പരാതിയാണ് ഒരു കാരണം. ലോകവ്യാപകമാകുന്ന സംഭവവിവരണങ്ങളും സമ്രുദ്ധിയായ സാഹിത്യസ്രുഷ്ടികളും പുതുമയോടെ നൽകുന്ന കമ്പ്യൂട്ടറിന്റെ ബഹുത്വമാണു് മറ്റ് തടസ്സം. ഇവ വിദേശമാദ്ധ്യമങ്ങളുടെ പ്രചാരണത്തെ ദോഷമായി ബാധിക്കുന്നു. എങ്കിലും, പ്രസ്തുത പ്രസിദ്ധീകരണങ്ങൾ എല്ലാ മലയാളികളുടേയും അഭിമാനമാണു്. സകലകേരളീയരുടേയും ഉന്നമനത്തിനു വേണ്ടിയുള്ള സ്ഥാപനങ്ങളാണ്. സാമ്പത്തികമാണ് അവയുടെ അടിസ്ഥാനം. അതു ശക്തിപ്പെടുന്നത്  സാമൂഹ്യ പിന്തുണയിലാണ്. സർവ്വോപരി, മലയാളമാദ്ധ്യമം

ദേശാഭിമാനികളായ പ്രവാസി മലയാളികളുടെ ആവശ്യമാണ്. ഈ വാസ്ഥവം മനസ്സിലാക്കി മാന്യവായനക്കാരും മലയാളി എഴുത്തുകാരും, സാഹിത്യസാംസ്കാരിക സംഘടനകളും നമ്മുടെ മാദ്ധ്യമങ്ങളുടെ വിജ്ഞാനവിതരണവും സന്ദേശയാത്രയും സഫലമാക്കുവാൻ പ്രവർത്തിക്കണം.

ശുഭം